കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023–2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-777/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 27/09/2024
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, വയനാട് ജില്ല.
3) കാര്യലയപ്രതി.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-ഇ3-777/2024 തീയ്യതി: 27/09/2024

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അഗസ്റ്റ്യൻ ഒ.കെ.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	24-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ ഡേവിഡ് കെ.വി, ഓഡിറ്റ് ഓഫീസർ
2) ശ്രീ അലി അക്ബർ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീമതി ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീമതി അപർണ ശശിധരൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ. സി. അസൈനാർ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ കെ.എസ് സജീഷ്	സെക്രട്ടറി	01-04-2023	15-07-2023
ശ്രീ ബിജേഷ് എ എം	സെക്രട്ടറി	16-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി കെ. കവിത	അസി. എക്സി. എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ സുരേഷ് കെ.എസ്	അസി.എഞ്ചിനിയർ	01-04-2023	31-05-2023
ശ്രീമതി രജനി കെ.ബി	അസി.എഞ്ചിനിയർ	01-06-2023	20-07-2023
ശ്രീമതി ഇന്ദിര എൻ.എം	അസി.എഞ്ചിനിയർ	21-07-2023	31-03-2024
ശ്രീ. രാമുണ്ണി കെ.കെ	കൃഷി അസി. ഡയറക്ടർ	01-04-2023	31-03-2024
ശ്രീ നിമേഷ് ബാബു	പട്ടികജാതി വികസന ഓഫീസർ	01-04-2023	26-04-2023
ശ്രീ സെബിൻ മാത്യൂ	പട്ടികജാതി വികസന ഓഫീസർ	27-04-2023	23-06-2023
ശ്രീ ബിജു പി	പട്ടികജാതി വികസന ഓഫീസർ	24-06-2023	25-09-2023
ശ്രീ സെബിൻ മാത്യൂ	പട്ടികജാതി വികസന ഓഫീസർ	26-09-2023	04-03-2024
ശ്രീ അനീഷ് ജോസ്	പട്ടികജാതി വികസന ഓഫീസർ	05-03-2024	31-03-2024
ശ്രീമതി പ്രജിഷ പി.പി	ക്ഷീര വികസന ഓഫീസർ	01-04-2023	31-03-2024
ഡോ. സിന്ധു കെ.വി	സുപ്രണ്ട്, താലൂക്ക് ആശുപത്രി സുൽത്താൻ ബത്തേരി	01-04-2023	31-03-2024
ശ്രീമതി സിസിലി എം.എം	ശിശു വികസന പദ്ധതി ഓഫീസർ(അഡീഷണൽ ചാർജ്ജ്)	01-04-2023	18-05-2023
ശ്രീമതി ആരിഫ കെ	ശിശു വികസന പദ്ധതി ഓഫീസർ	19-05-2023	08-11-2023
ശ്രീമതി രമണി കലങ്ങാടൻ	ശിശു വികസന പദ്ധതി ഓഫീസർ	09-11-2023	31-03-2024
ഡോ. സനൽകുമാർ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അമ്പലവയൽ	01-04-2023	31-03-2024
ഡോ. കെ.പി.കൃഞ്ഞിക്കണ്ണൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മീനങ്ങാടി	01-04-2023	31-03-2024
ശ്രീമതി ഗിരിജ	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ഡോ. ദയാൽ	സീനിയർ വെറ്ററിനറി സർജൻ(ഇൻ-ചാർജ്ജ്)	01-04-2023	18-05-2023
ഡോ.അസൈനാർ കെ	സീനിയർ വെറ്ററിനറി സർജൻ	19-05-2023	31-03-2024
ശ്രീ പ്രമോദ് ജി	പട്ടികവർഗ വികസന ഓഫീസർ	01-04-2023	11-10-2023
ശ്രീ മജീദ് എം	പട്ടികവർഗ വികസന	12-10-2023	17-10-2023

	ഓഫീസർ(ഇൻ–ചാർജ്ജ്)		
ശ്രീ മനോജ് കെ.ജി	പട്ടികവർഗ വികസന ഓഫീസർ	18-10-2023	31-03-2024
ഡോ.സുധീർ കുമാർ കെ.പി	ചീഫ് മെഡിക്കൽ ഓഫീസർ, താലൂക്ക് ആയൂർവ്വേദ ഹോസ്പിറ്റൽ, സുൽത്താൻ ബത്തേരി	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-2
4	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.	1-1-3
5	ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതും ക്രെഡിറ്റ് ചെയ്തതുമായ തുകകൾ റീകൺസീലിയേഷൻ പത്രിക പ്രകാരം ക്രമീകരിച്ചിട്ടില്ല.	1-1-4
6	വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.	1-1-5
7	അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.	1-1-6
8	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-7
9	ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	അഭ്യന്തരനിയന്ത്രണം	1-6
15	ക്യാഷ് പരിശോധന	1-7
16	പ്രൊക്യുർമെന്റ് കമ്മറ്റി/ ഭരണസമിതി അംഗീകാരമില്ലാതെ ഉപകരണങ്ങൾ വാങ്ങുന്നു.	1-8
17	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിച്ചില്ല	1-9
18	മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല	1-10
19	സ്റ്റോക്ക് ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.	1-11
20	യുവത കായിക പരിശീലനം	1-12-0
21	പൊതുവിഭാഗം വിദ്യർത്ഥികൾക്ക് വേണ്ടി നടപ്പാക്കിയ പ്രോജക്ട്	1-12-1
22	പട്ടികവർഗ വിദ്യർത്ഥികൾക്ക് വേണ്ടി നടപ്പാക്കിയ പ്രോജക്ട്	1-12-2
23	മരാമത്ത് പ്രവൃത്തി കരാർ ചമയ്ക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല	1-13
24	കഴമ്പ് അമരംബം ശ്മശാനം റോഡ് ഡ്രൈനേജ് - അധികം തുക നൽകി.	1-14
25	മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല.	1-15
26	ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - പൂർത്തീകരിച്ചിട്ടില്ല.	1-16
27	ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ വാങ്ങൽ– മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് ലഭ്യമാക്കിയിട്ടില്ല.	1-17
28	താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് - പ്രോക്യുർമെന്റ് - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല.	1-18
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം	4-2

3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്	4-4
5	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statement	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (21.06.2024 ലെ 1/24 നമ്പർ തീരുമാനം) 26/06/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്വർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ

തീയതി: 27.09.2024 **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ചട്ടം 62(3) പ്രകാരം സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 21.06.2024 ലെ 1/24 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിനുള്ള ലോക്കൽ സാംഖ്യ സോഫ്റ്റ്വെയറിൽ അടിസ്ഥാന അനുപാതങ്ങൾ, മുൻ വർഷത്തെ താരതമ്യപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(Net Cash Generated By Operating+Investing+Financial Activity), പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി(Net Increase In Cash And Cash Equivalence) ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

Net Cash Generated By Operating+Investing+Financial Activity	Net Increase In Cash And Cash Equivalence
2898422/-	6084126/-

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ അക്രൂവൽ ബേസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റം അനുവർത്തിക്കുന്നതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്.

1-1-3 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

2023-24 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷികധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ഉദാ. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം നടത്തിപ്പ് - ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിന്റെ(161/2023-24) ഭാഗമായി 151900/- രൂപ തൃശ്ശൂർ പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് ഡിവിഷന് PFMS Transaction ID 1072340508986 തീയതി 27.07.2023 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക B-19 ഷെഡ്യൂലിൽ പ്രതിഫലിച്ചിട്ടില്ല (മുൻകൂറുകളുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ).
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ മുൻകൂറുകൾ നൽകിയത് പരിശോധിച്ച് അതത് ഹെഡിൽ ഉൾപ്പെടുത്തി അടുത്ത വാർഷിക ധനകാര്യപത്രികയിൽ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ന്യൂനതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-1-4 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതും ക്രെഡിറ്റ് ചെയ്തതുമായ തുകകൾ റീകൺസിലിയേഷൻ പത്രിക പ്രകാരം ക്രമീകരിച്ചിട്ടില്ല.

വയനാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് A/c No. 170812801000738 എന്ന അക്കൗണ്ടിൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 3764/- രൂപയാണ്. എന്നാൽ വർഷാന്ത്യം ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 3778/- രൂപയാണ്. 73/- രൂപ പലിശ ക്രഡിറ്റ് ചെയ്തതും Ledger Folio Charge ഇനത്തിൽ ഡെബിറ്റ് ചെയ്ത 59/- രൂപയും റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ക്രമീകരിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുകകൾ 2024-25 സാമ്പത്തിക വർഷം ക്രമീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-5 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. യഥാവിധം രജിസ്റ്ററുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-6 അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.

ആസ്തി രജിസ്റ്ററിൽ, ആസ്തിയുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി ഡിപ്രീസിയേഷൻ കണക്കാക്കി രേഖപ്പെടുത്തുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള

നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും (B4) അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും(B17) പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ CSC – Total Sanitation Campaign എന്ന അക്കൗണ്ടിൽ 3915725/- രൂപയുടെ നീക്കിയിരിപ്പാണുള്ളത്. എന്നാൽ B17 ഷെഡ്യൂളിൽ Union Bank Of India -TSC -3127 എന്ന അക്കൗണ്ടിലെ നീക്കിയിരിപ്പ് 4024515/- രൂപയാണ്. അതേപോലെ B17 ഷെഡ്യൂളിൽ Canara Bank – IAY PLAN – 34658 എന്ന അക്കൗണ്ടിൽ 961542/- രൂപയുടെ നീക്കിയിരിപ്പുണ്ട്. അതുമായി ബന്ധപ്പെട്ട ഗ്രാന്റ് B-4 ഷെഡ്യൂളിൽ ഹെഡില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 13(4)(ബി) പ്രകാരം ഓരോ ഫണ്ടിനും പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ പണം ഒടുക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്കിൽ നീക്കിയിരിപ്പും സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കി പൊരുത്തപ്പെടുത്തി സമർപ്പിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-8 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല.

സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റായി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല. വാർഷിക ധനകാര്യപത്രികയിലെ Trial Balance പത്രിക പ്രകാരം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും തത്തുല്യമായ തുക ബാലൻസ് ഷീറ്റിലെ B3 യിലെ Capital Contribution എന്ന ശീർഷകത്തിൽ പ്രതിഫലിച്ചിട്ടില്ല. Trial Balance ൽ 312100101 എന്ന ഹെഡിൽ മുൻബാക്കിയായി രേഖപ്പെടുത്തിയ തുക തന്നെയാണ് നീക്കിബാക്കിയായി രേഖപ്പെടുത്തിയിട്ടുള്ളത്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enquiry Number : 6/30.07.2024) ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം ആർജ്ജിച്ച ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിൽ ഉൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ന്യൂനത പരിഹരിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-2 ബജറ്റ്

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24വർഷത്തെ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ്		പുതുക്കിയ ബജറ്റ്
ഭരണസമിതി തീരുമാനം	1(1)/28.03.2023	1(1)/09.02.2024
മുൻബാക്കി	91140000	11363814
വരവ്	137787000	251187000
ആകെ	228927000	262550814
ചെലവ്	228327000	255584904
നീക്കിബാക്കി	600000	6965910

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	22205967/-
വരവ്	115423772/-
ആകെ	137629739/-
ചെലവ്	121507898/-
നീക്കിയിരിപ്പ്	16121841/-

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്/അലോട്ട്മെന്റ്	ആകെ	ചെലവ്	സി.ബി/ലാപ്സ്
വികസന ഫണ്ട്-ജനറൽ	0	3,62,77,000	3,62,77,000	2,75,97,499	86,79,501
വികസന ഫണ്ട്-എസ്.സി.പി	0	44,11,000	44,11,000	22,93,386	21,17,614
വികസന ഫണ്ട്-ടി.എസ്.പി	0	2,83,44,000	2,83,44,000	1,82,54,965	1,00,89,035
മെയിന്റനൻസ്, നോൺ-റോഡ്	0	2,20,52,000 (ബജറ്റ് പ്രകാരം അനുവദിച്ചത് 33078000 രൂപയാണ്)	2,20,52,000	1,90,67,923	29,84,077
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant)	42,76,300	60,07,000	1,02,83,300	58,39,637	44,43,663
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)	89,71,455	45,05,500	1,34,76,955	1,05,41,847	29,35,108

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള CFC Fund Basic Grant, CFC Fund Tied എന്നിവയുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	വാർഷിക ധനകാര്യപത്രിക പ്രകാരം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	വ്യത്യാസം
CFC Grant (Basic) ചെലവ്	6126384	5839637	286747
CFC Grant(Tied) ചെലവ്	10727532	10541847	185685

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/2023-24, തീയതി 30/07/2024) ലഭ്യമാക്കിയ മറുപടി പ്രകാരം 185685/- രൂപയ്ക്ക് പ്രോജക്ട് നം. 39/2023-24 പ്രകാരം Toilet Near Postmortem Unit-Taluk Hospital Sultan Bathery എന്ന ബില്ലും 286747/- രൂപയ്ക്ക് പ്രോജക്ട് നം. 185/2023-24 പ്രകാരം മാളപ്പുര തേവർവയൽ റോഡ് ടാറിംഗ് എന്നീ ബില്ലുകൾ മാറിയിട്ടില്ലാത്തതിനാലാണ് വാർഷിക ധനകാര്യപത്രികയിൽ വ്യത്യാസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തികരിച്ച പ്രോജക്ടുകളുടെ ശതമാനം
153	24,31,23,911	102	10,87,76,651	73	51	66.67%

നിർവഹണോദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ	7	7	1,02,25,595	94,13,079	92.05
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മീനങ്ങാടി	6	5	35,30,000	28,52,516	80.80
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അമ്പലവയൽ	7	7	45,23,348	44,46,787	98.30
മെഡിക്കൽ ഓഫീസർ, ആയുർവേദം	2	2	28,00,000	27,67,132	98.82
അസി.ഡയറക്ടർ കൃഷി	5	3	56,95,053	39,34,469	69.08
സീനിയർ വെറ്റിനറി സർജൻ	5	5	29,50,000	19,83,583	67.24
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	42,00,000	42,00,000	100
ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	3	2	1,46,25,000	41,25,000	28.20
അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി	84	45	6,50,33,426	2,21,51,612	34.06
പട്ടികജാതി വികസന ഓഫീസർ	2	2	23,60,000	11,20,000	47.45
പട്ടികവർഗ്ഗ വികസന ഓഫീസർ	1	1	6,60,000	3,83,940	58.17
സി.ഡി.പി.ഒ.	3	3	29,20,895	22,93,845	78.53
സെക്രട്ടറി	26	19	12,36,00,594	4,91,04,688	39.72
ആകെ	153	103	24,31,23,911	10,87,76,651	44.74

1-6 അഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ആകെ പ്രവർത്തനം വിലയിരുത്തുമ്പോൾ ചില മേഖലകളിൽ ബ്ലോക്ക്പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം

മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.
പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ജോലിവിഭജനം നടത്തി ഓഫീസ് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റക്ക് രജിസ്റ്റർ, മൻക്കൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ (താലൂക്ക് ആയുർവേദ ആശുപത്രി) കൃത്യമായ സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.

അസറ്റ് മാനേജ്മെന്റ് പ്ലാൻ, ആസ്തി സംരക്ഷണ പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല. നിഷ്ക്രിയാസ്തികൾ പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ബ്ലോക്ക്പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അത് പൂർണ്ണമായും ഫലപ്രദമായിട്ടില്ല. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

അപാകതകൾ പരിഹരിച്ച് അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/07/2023 ന് 11.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പില്ല.

1-8 പ്രൊക്യൂർമെന്റ് കമ്മറ്റി/ ഭരണസമിതി അംഗീകാരമില്ലാതെ ഉപകരണങ്ങൾ വാങ്ങുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ (പി) 259/2010/തസ്വഭവ തീ. 8.11.2010).പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കി, സ്വീകരിച്ച് , സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യുമെന്റ് കമ്മറ്റിയാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡികയിൽ പരാമർശിച്ച വാങ്ങലുകൾക്ക് അംഗീകാരം നൽകിയത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെയോ, ഭരണസമിതിയുടെയോ അംഗീകാരം വാങ്ങിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ , സി.എച്ച്.സി മീനങ്ങാടി
പദ്ധതി, നമ്പർ	64/24 – മീനങ്ങാടി സി.എച്ച്.സി യ്ക്ക് ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	1 .5 ലക്ഷം (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ചെലവ് ബിൽ നമ്പർ	55099/- BRN No. 23180363003700413154/ 01.08.2023 – 16712/-, 23180363003700824135/ 22.11.2023 – 24642/-, 23180363003701248289/ 20.02.2024 – 13745/-

മീനങ്ങാടി സി.എച്ച.സി യിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. വിവിധ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ നടപടികളിലൂടെ ചുവടെ കൊടുക്കുന്ന ഉപകരണങ്ങൾ / വസ്തുക്കൾ വാങ്ങിയിട്ടുണ്ടെങ്കിലും വാങ്ങൽ നടപടികൾക്ക് പ്രൊക്യൂർമെന്റ് /ഭരണസമിതി തീരുമാനം അംഗീകാരം ലഭ്യമായതായി കാണുന്നില്ല.

ക്രമനം	ബിൽ നമ്പർ	ഉപകരണങ്ങൾ / വസ്തുക്കൾ ഉപകരണങ്ങൾ	ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനം	തുക
1	23180363003700413154/ 01.08.2023	RefrigeratorThermo Meter, Sign Board	Sign Surgicals	14812/- 1900/-
2	23180363003700824135/ 22.11.2023	Binocular Microscope, Polarizing Unit	ADELTA OPTEC	24642/-
3	23180363003701248289/ 20.02.2024	Needle Hub Cutter	Kohinoor Surgicals	12320/-

പ്രൊക്യൂർമെന്റ് /ഭരണസമിതി തീരുമാനം അംഗീകാരം ലഭ്യമാക്കാതെ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/ 30.07.2024) ഏതൊക്കെ ഉപകരണങ്ങളാണ് വാങ്ങേണ്ടത്

എന്നത് സംബന്ധിച്ച് ഭരണസമിതി അംഗീകാരം ലഭ്യമാക്കിയിരുന്നുവെന്നും , ഭാവിയിൽ ക്വട്ടേഷൻ/ ടെണ്ടർ നടപടികൾക്ക് അംഗീകാരം ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ നടത്തിയ വാങ്ങലുകൾ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ സംബന്ധിച്ച് ക്രമപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ചെലവ് തുക 55099/-രൂപ തടസ്സത്തിൽ വെക്കുന്നു.

1-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിച്ചില്ല

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് പ്രോജക്ടുകൾ (ഒന്ന് സ്പിൽ ഓവർ) എസ്.സി ഡെവലപ്മെന്റ് ഓഫീസർ നടപ്പാക്കിയിട്ടുണ്ട്. ആയതിൽ സ്പിൽ ഓവറായ പ്രോജക്ടിൽ 7 ഗുണഭോക്താക്കൾ ആയിരുന്നു ഉണ്ടായിരുന്നത്. പുതിയ പദ്ധതി 10 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സ.ഉ(എം.എസ്) നം. 115/2022/LSGD തീയതി 28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖ. 7.2.13 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നൽകാവുന്നതാണ്. 50,000/- രൂപ മൻകൂറായി നൽകാവുന്നതാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായാണ് തുടർന്നുള്ള ധനസഹായം നൽകേണ്ടത്. സ.ഉ(സാധാ) നം. 1877/2023 /LSGD, തീയതി 21.09.2023 നമ്പർ ഉത്തരവ് പ്രകാരം എഗ്രിമെന്റ് വച്ചതിന് ശേഷം 30,000/- രൂപ മുൻകൂറായി നൽകാവുന്നതും തുടർന്നുള്ള ധനസഹായം നിർവ്വഹണോദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 60,000/- ,80,000/- , 30,000/- എന്നിങ്ങനെ മൂന്ന് ഗഡുക്കളായി നൽകാവുന്നതുമാണ്. ആരംഭ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും മാത്രമായി വാല്വേഷൻ സർട്ടിഫിക്കറ്റ് പരിമിതപ്പെടുത്തിയിട്ടുമുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) 2023-24 സാമ്പത്തിക വർഷം എസ്.സി ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണം നടത്തിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന സ്പിൽ ഓവർ പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	131/2023-24
പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
ഫണ്ട്	വികസന ഫണ്ട് (എസ്.സി.പി)
അടങ്കൽ	₹360000/-
ചെലവ്	₹60000/-
ബിൽ നം, തീയതി, തുക	BP-01/2023-24 തീയതി 13/06/2023 -₹20,000/- BP-02/2023-24 തീയതി 13/06/2023 -₹20,000/- BP-03/2023-24 തീയതി 10/10/2023-₹20,000/-

മുൻവർഷം പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കാത്ത താഴെ പറയുന്ന ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണം തൻവർഷവും പൂർത്തിയായിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	ആകെ നൽകിയ തുക(₹)	തീയതി
1	ശ്രീ രവികുമാർ	₹125000/- (50,000+75,000)	21.01.2023, 16.03.2023 (ഈ സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചിട്ടില്ല)

ഇതു കൂടാതെ മുൻ സാമ്പത്തിക വർഷം 50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുള്ള ശ്രീ വിജയൻ എന്ന ഗുണഭോക്താവിന് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ തുക ഈടാക്കുന്നതിന് തീരുമാനിച്ചതായി 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം ലഭ്യമല്ല.

2) 2023-24 സാമ്പത്തിക വർഷം എസ്.സി ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണം നടത്തിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന പുതിയ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	48/2023-24
പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
ഫണ്ട്	വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ	₹2000000/-
ചെലവ്	₹1060000/-
ബിൽ നം, തീയതി, തുക	BP-04/2023-24 തീയതി 09/01/2024 -₹60,000/- BP-05/2023-24 തീയതി 19/01/2024 -₹90,000/- BP-06/2023-24 തീയതി 22/01/2024 -₹60,000/- BP-07/2023-24 തീയതി 25/01/2024 -₹30,000/- BP-08/2023-24 തീയതി 24/01/2024 -₹30,000/- BP-09/2023-24 തീയതി 06/02/2024 -₹30,000/- BP-10/2023-24 തീയതി 08/02/2024 -₹60,000/- BP-11/2023-24 തീയതി 12/02/2024 -₹60,000/- BP-12/2023-24 തീയതി 12/02/2024 -₹60,000/- BP-13/2023-24 തീയതി 15/02/2024 -₹60,000/- BP-14/2023-24 തീയതി 15/02/2024 -₹60,000/- BP-15/2023-24 തീയതി 15/02/2024 -₹60,000/- BP-16/2023-24 തീയതി 15/02/2024 -₹60,000/- BP-17/2023-24 തീയതി 23/02/2024 -₹80,000/- BP-18/2023-24 തീയതി 29/02/2024 -₹60,000/- BP-19/2023-24 തീയതി 01/03/2024 -₹60,000/- BP-20/2023-24 തീയതി 01/03/2024 -₹60,000/- BP-21/2023-24 തീയതി 02/03/2024 -₹80,000/-

ആയതിൽ താഴെ പറയുന്ന പത്ത് ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ	പേര്	ആകെ നൽകിയ തുക(₹)	ബിൽ നമ്പർ, തീയതി, തുക(₹)
1	ശ്രീ രവീന്ദ്രൻ	170,000/-	BP-04/2023-24 തീയതി 09/01/2024 – 30,000/- BP-18/2023-24 തീയതി 29/02/2024- 60,000/- BRN: 24180363004400179653 തീയതി 16/05/2024- 80,000/- (ക്യൂ ബിൽ)
2	ശ്രീമതി ഭാർഗ്ഗവി	170,000/-	BP-04/2023-24 തീയതി 09/01/2024 – 30,000/- BP-12/2023-24 തീയതി 12/02/2024- 60,000/- BRN: 24180363004400179653 തീയതി 16/05/2024- 80,000/- (ക്യൂ ബിൽ)
3	ശ്രീ രാജേഷ്	170,000/-	BP-05/2023-24 തീയതി 19/01/2024 – 30,000/- BP-16/2023-24 തീയതി 15/02/2024 - 60,000/- BRN: 24180363004400179653

			തീയതി 16/05/2024- 80,000/- (കൃ ബിൽ)
4	ശ്രീമതി സരോജിനി	170,000/-	BP-05/2023-24 തീയതി 19/01/2024 – 30,000/- BP-14/2023-24 തീയതി 15/02/2024 - 60,000/- BRN: 2418036300440179636 തീയതി 16/05/2024- 80,000/- (കൃ ബിൽ)
5	ശ്രീമതി ജയറാണി	170,000/-	BP-05/2023-24 തീയതി 19/01/2024 – 30,000/- BP-10/2023-24 തീയതി 08/02/2024 - 60,000/- 17/2023-24 തീയതി 23/02/2024- 80,000/-
6	ശ്രീ രാജേഷ്	170,000/-	BP-06/2023-24 തീയതി 22/01/2024 – 30,000/- BP-13/2023-24 തീയതി 15/02/2024 - 60,000/- BRN: 24180363004400179653 തീയതി 16/05/2024- 80,000/- (കൃ ബിൽ)
7	ശ്രീമതി സൗമ്യ പി.എ	170,000/-	BP-06/2023-24 തീയതി 22/01/2024 – 30,000/- BP-14/2023-24 തീയതി 15/02/2024- 60,000/- BRN: 24180363004400179653 തീയതി 16/05/2024- 80,000/- (കൃ ബിൽ)
8	ശ്രീ ജയേഷ്	170,000/-	BP-07/2023-24 തീയതി 25/01/2024 – 30,000/- BP-11/2023-24 തീയതി 12/02/2024 - 60,000/- 21/2023-24 തീയതി 02/03/2024 -₹80,000/-
9	ശ്രീ മനപ്രതാപ്	170,000/-	BP-08/2023-24 തീയതി 24/01/2024 – 30,000/- BP-19/2023-24 തീയതി 01/03/2024- 60,000/- BRN: 24180363004400179572 തീയതി 09/05/2024- 80,000/-(കൃ ബിൽ)
10	ശ്രീ സുരേഷ് എം.ആർ	170,000/-	BP-09/2023-24 തീയതി 06/02/2024 – 30,000/- BP-20/2023-24 തീയതി 01/03/2024- 60,000/-

			BRN: 2418036300440179636 തീയതി 16/05/2024 - 80,000/-(ക്യൂ ബിൽ)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 2/2023-24, തീയതി 26.07.2024)ന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ രവികുമാർ എന്നവരുടെ പഠനമുറിയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കി വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും ശ്രീ വിജയൻ എന്നവർക്ക് തുക തിരികെ അടവാക്കുന്നതിന് രണ്ട് തവണ നോട്ടീസ് നൽകിയിട്ടുണ്ടെന്നും 08/07/2024 ൽ ചേർന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്നും പുതിയ പദ്ധതിയിലെ എല്ലാ ഗുണഭോക്താക്കളും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഠനമുറി പൂർത്തിയാക്കിയതിന്റെയും ശ്രീ വിജയൻ എന്ന ഗുണഭോക്താവിൽ നിന്ന് 50,000/- രൂപ തിരികെ ഈടാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-10 മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല

ബത്തരി താലൂക്ക് ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഔഷധി, ആയുർധാര ഫാർമസ്യൂട്ടിക്കൽസ് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. ആകെ ₹25,00,000/- യുടെ മരുന്നുകൾ വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ₹16,00,000/- യുടെ മരുന്നുകൾ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ നിന്നും ₹9,00,000/- ഔഷധിയിൽ നിന്നുമാണ് വാങ്ങുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട്	എസ്.0013/24, ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹25,00,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)
ആകെ ചെലവ്	₹25,00,000/-
ചെലവ് തുക, ബി.ആർ.എൻ /തീയതി	ഔഷധി 1. ₹5,00,000/- 23180363003900829715/23.11.2023 2. ₹4,00,000/- 23180363003900829721/23.11.2023 ആകെ: ₹9,00,000/- ആയുർധാര 1. ₹1,00,000/- 23180363003900829734/23.11.2023 2. ₹5,00,000/- 23180363003900621850/05.10.2023 3.₹5,00,000/- 23180363003900621866/05.10.2023 4 ₹5,00,000/- 23180363003900785587/14.11.2023 ആകെ:₹16,00,000/-
ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ് നം, തീയതി & തുക	ഔഷധി 1. 90305772/17.07.2023, ₹2,32,970 2. 90307527/31.07.2023, ₹3,045 3. 90306718/26.07.2023, ₹36,401 4. 90307924/31.07.2023, ₹3,455 5. 90321754/29.12.2023, ₹9,366 6. 90329515/25.01.2024, ₹3,352 7. 90337786/25.01.2024, ₹8,482 8. 90338392/25.01.2024, ₹2,940 9. 90324630/23.12.2023, ₹44,332

	10. 90326101/23.12.2023, ₹28,031 11. 90326014/30.12.2023, ₹27,636 12. 90326013/30.12.2023, ₹13049 13. 9030698/31.01.2024, ₹24,486 14. 90338467/27.03.2024, ₹19,437 15. 90337767/26.03.2024, ₹8,442 16. 90324375/21.12.2023, ₹106679 17. 90326870/02.01.2024, ₹280829 18. 90329514/25.03.2024, ₹27,926 19. 90333874/28.02.2024, ₹19,152 ആകെ: ₹9,00,000/- ആയുർധാര 1. G000278/16.01.2024 ₹10,014 2. G000280/16.01.2024 ₹62883 3. G000342/16.01.2024 ₹2,45,918 4. G000005/14.05.2024 ₹78,691 5. G000038/18.06.2024 ₹2,007 6. G000194/30.10.2023 ₹3,06,452 7. G000276/16.01.2024 ₹88,910 8. G000341/04.03.2024 ₹37,964 9. G000011/14.05.2024 ₹3,106 10. G000193/03.10.2023 ₹3,07,178 11. G000275/16.01.2024 ₹67,461 12. G000340/04.04.2024 ₹58,727 13. G000012/14.05.2024 ₹3106 ആകെ: ₹12,72,417/-
നിർവ്വഹണം	മെഡിക്കൽ ഓഫീസർ (ആയുർവേദം)

ആയുർധാര ഫാർമസ്യൂട്ടിക്കൽസിന് ആകെ ₹16,00,000/- നൽകിയെങ്കിലും ആകെ: ₹12,72,417/-യുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ₹3,27,583/- യുടെ മരുന്നുകൾ കിട്ടാൻ ബാക്കിയുണ്ട്.

മരുന്നുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1)ലഭിച്ച മരുന്നുകൾ രണ്ട് സ്റ്റോക്ക് രജിസ്റ്ററുകളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽ ഒന്നിൽ ബ്ലോക്ക് പഞ്ചായത്ത് മെയിൻ സ്റ്റോക്ക് ബുക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ ബുക്കിൽ പ്രത്യേക രേഖപ്പെടുത്തലുകൾ എന്നും ഇല്ല. ഇതിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ടും (പേജ്) രേഖപ്പെടുത്തിയിട്ടില്ല. ഒരേയിനം മരുന്നുകൾ രണ്ട് സ്റ്റോക്ക് ബുക്കിലും വെവ്വറെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ: 1) കൊട്ടൻചുക്കാദി തൈലം ബ്ലോക്ക് പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ എന്ന് രേഖപ്പെടുത്തിയ രജിസ്റ്ററിൽ 7-ാം പേജ്, രണ്ടാമത്തെ രജിസ്റ്ററിൽ 171-ാം പേജ്, 2) കർപ്പൂരാദി തൈലം ബ്ലോക്ക് പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ 73-ാം പേജ് രണ്ടാമത്തെ രജിസ്റ്ററിൽ 141-ാം പേജ്.

2. ഔഷധിയിൽ നിന്നും മേൽ പട്ടികയിൽ ക്രമ നമ്പർ 16 മുതൽ 19 വരെയുള്ള ഇൻവോയ്സ് നമ്പറുകൾ പ്രകാരം ലഭിച്ച മരുന്നകളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയിരിക്കുന്നത് മുനിസിപ്പാലിറ്റിയുടെ പ്രോജക്ട് പ്രകാരം ലഭിച്ച മരുന്നകൾ എന്നാണ്. സുൽത്താൻ ബത്തേരി നഗരസഭ പ്രോജക്ട് നമ്പർ എസ്.0302/24 പ്രകാരം താലൂക്ക് ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് ₹5,00,000/- വകയിരുത്തി തൻ വർഷം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞ കാരണങ്ങളാൽ താലൂക്ക് ആയുർവേദ ആശുപത്രിയിലെ മരുന്നുകളുടെ സ്റ്റോക്കിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ നം. (കൈ)നം. 115/2022/തസ്വഭവ, തീയതി 28.05.2022) കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്യുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ നോൺഅവൈലബിലിറ്റി സർട്ടിഫിക്കറ്റിന് പകരം വകുപ്പിൽ നിന്നും മൂന്ന് ടേമുകളിലായി നിശ്ചിത നിരക്കിലുള്ള മരുന്നുകൾ മാത്രമേ ലഭിക്കുന്നുള്ളൂ എന്നതിനാൽ മതിയായ ഔഷധം ലഭ്യമല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം ഔഷധങ്ങൾ വാങ്ങുന്നതിന് ഡിപ്പാർട്ടുമെന്റിന് തടസമില്ല എന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്താണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ നിന്നും ബാക്കി മരുന്നുകൾ ലഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 3/2023-24, തീയതി 27.07.2024 -ന് താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

'സുൽത്താൻ ബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, NAM, ഡിപ്പാർട്ട്മെന്റ് എന്നിങ്ങനെ വിവിധ പ്രോജക്ടുകളിൽ നിന്ന് മരുന്ന് അനുവദിക്കുന്നുണ്ട്. ഒരേ ഫാർമസിയിൽ നിന്ന് മരുന്നുകൾ വന്ന സമയത്ത് ഇൻവോയ്സ് നമ്പറിൽ വന്ന ആശയകുഴപ്പം നിമിത്തം സ്റ്റോക്ക് വരവ് വെച്ച രജിസ്റ്ററുകൾ തമ്മിൽ മാറിപോയിട്ടുണ്ട്. ലഭിച്ചമരുന്നുകളെല്ലാം രജിസ്റ്ററുകളിൽ വരവ് വെച്ചിട്ടുണ്ട്. ആശയകുഴപ്പം മൂലം സംഭവിച്ച അപാകത പരിഹരിച്ച് എല്ലാ ഇൻവോയ്സുകളും കൃത്യമായി ഒരു രജിസ്റ്ററിൽ ചേർത്ത് സമർപ്പിക്കുന്നതാണ്. കിട്ടാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് ആയുർധാരയ്ക്ക് കത്തുനൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻവോയിസുകൾ രജിസ്റ്ററിൽ വരവ് വെച്ച് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ്. '

ഏത് സ്രോതസിൽ നിന്നും മരുന്നുകൾ ലഭിച്ചാലും അത് ഒരു സ്റ്റോക്ക് രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. സുൽത്താൻ ബത്തേരി താലൂക്ക് ആയുർവേദ ആശുപത്രിയിലെ മരുന്നുകളുടെ സ്റ്റോക്കിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കാത്തതിനാലും മരുന്നുകൾ മുഴുവൻ ലഭ്യമാകാത്തതിനാലും മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച ആകെ തുക ₹25,00,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ മുഴുവൻ ലഭ്യമാക്കി സ്റ്റോക്ക് അക്കൗണ്ട് ക്രമപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-11 സ്റ്റോക്ക് ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്കും ഫർണിച്ചറും ഇലക്ട്രോണിക്ക് ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ജെം പോർട്ടൽ മുഖേന ഓൺലൈനായാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പ്രോജക്ടിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ വിശദാംശങ്ങൾ	അടങ്കൽ	വാങ്ങിയ ഫർണിച്ചർ/ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ	ചെലവ് തുക, BRN, തീയതി
1	എസ്. 0019/23, ബ്ലോക്ക് പഞ്ചായത്തിലേക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ വസ്തുക്കളും വാങ്ങൽ	₹3,50,000/- (പൊതുവിഭാഗം വികസന ഫണ്ട്)	1)ഓഡിയോ ലെക്ചേൺ - 1 എണ്ണം 2)പോർട്ടബിൾ അഡ്രസ്സ് സിസ്റ്റം -1എണ്ണം	1)₹49,961/- 23180363003400310238/29.06.2023
			3)ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ - 5എണ്ണം	2)₹2,56,169/- 23180363003400376788/29.07.2023
			4) LAN നെറ്റ് വർക്കിംഗ്, ഇലടിക്ക് വയറിംഗ്	3) ₹7620/- 23180363003400376801/29.07.2023

			5)കമ്പ്യൂട്ടർ ടേബിൾ – 1 എണ്ണം 5) റിവോൾവിംഗ് ചെയർ – 1 എണ്ണം 6) പി.വി.സി. മോൾഡഡ് ചെയർ – 1 എണ്ണം	4)₹20,354/- 23180363003400657576/13.10.2023
			ആകെ ചെലവ് തുക:	₹3,34,104/-
2	എസ്. 0018/24, ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ	₹3,50,000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)	ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ - 3എണ്ണം	₹153701/- 23180363003400310264/12.07.2023
			ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ - 2എണ്ണം	₹89,999/- 23180363003400382386/31.07.2023
			പ്രിന്റർ-1എണ്ണം	₹29,991/- 23180363003400396645 5/01.08.2023
			അലമാര-1എണ്ണം	₹20,011/- 23180363003400678288/19.10.2023
			ആകെ	₹2,93,702/-
3	എസ്. 0198/24, മീനങ്ങാടി സി.എച്ച്.സി. - യിലേക്ക് യു.പി.എസ്. വാങ്ങൽ	₹2,00,000/- (ഹെൽത്ത് ഗ്രാന്റ്)	1)യു.പി.എസ്. -1എണ്ണം 2) ബാറ്ററി - 16എണ്ണം	₹1,99,990/- PFMS Txn ID C032486238522

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ സാമഗ്രികളുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ പരിശോധനയ്ക്കായി ഓഡിറ്റ് ആവശ്യപ്പെട്ട പ്രകാരം ഹാജരാക്കിയ ബ്ലോക്ക് പഞ്ചയത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരമുള്ളതല്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കൾ 150(b) അനുസരിച്ച് കെ.എഫ്.സി. ഫോം 18 ഫർണിച്ചറിന്റെയും മറ്റ് സ്റ്റോർസിന്റെയും സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ 24.09.2010 -ലെ സർക്കുലർ നമ്പർ 80/2010/ധനം പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്ററിൽ വ്യത്യസ്ത ഇനം സാമഗ്രികൾക്ക് പ്രത്യേകം അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. സാമഗ്രികൾ വാങ്ങുന്ന മുറയ്ക്ക് ഒന്നിച്ച് രേഖപ്പെടുത്തി വരുന്നു (ഒരു പ്രോജക്ട് പ്രകാരം വാങ്ങുന്ന എല്ലാ സാധനങ്ങളുടെയും വിവരങ്ങൾ ഒന്നിച്ച് ഒരു പേജിൽ രേഖപ്പെടുത്തുന്നു). ആയതിനാൽ ഏതെങ്കിലും ഒരു ഇനത്തിന്റെ നിലവിലുള്ള ആകെ സ്റ്റോക്കിന്റെ വിവരം ഈ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

മേൽ പർച്ചേസുകളുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

1. പർച്ചേസിന്റെ ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2. കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേക്ക് വാങ്ങിയ സാമഗ്രികൾ എല്ലാം കൈമാറിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

3. കൈമാറി കിട്ടിയ സ്ഥാപനങ്ങൾ സാമഗ്രികൾ ആവശ്യപ്പെട്ടത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ആവശ്യകത നിർണ്ണയിച്ചതെങ്ങനെ എന്ന് വ്യക്തമല്ല. പ്രസ്തു സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് മുമ്പ് ഇതേ വസ്തുക്കൾ വാങ്ങി നൽകിയിട്ടുണ്ടോ എന്ന ഉറപ്പുവരുത്തിയതെങ്ങനെ എന്ന് വ്യക്തമല്ല.

4. പ്രോജക്ട് രൂപീകരണ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രകാരമല്ല വാങ്ങൽ നടത്തിയിട്ടുള്ളത് മേൽ പട്ടികയിലെ ക്രമ നമ്പർ 1 പ്രകാരം ലാപ്പ് ടോപ്പ് 6 എണ്ണം, കോഡ്ലസ് മൈക്ക് -2 എണ്ണം, പോർട്ടബിൾ പബ്ലിക്ക് അഡ്രസ്സ് സിസ്റ്റം -1എണ്ണം, വീൽചെയർ 1പോർട്ടബിൾ അഡ്രസ്സ് സിസ്റ്റം -1എണ്ണം, ടീപോയ് -1എണ്ണം എന്നിവ വാങ്ങാനാണ് പ്രോജക്ട് രൂപീകരണ രേഖയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

മേൽ പട്ടികയിലെ ക്രമ നമ്പർ 2 പ്രകാരം ലാപ്പ് ടോപ്പ് 4 എണ്ണം, അലമാര 1 എണ്ണം, പ്രിന്ററോടു കൂടിയ സ്കാനർ 1 എണ്ണം

എന്നിവ വാങ്ങാനാണ് പ്രോജക്ട് രൂപീകരണ രേഖയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

സ്റ്റോക്ക് രജിസ്റ്റർ യഥാവിധം സൂക്ഷിക്കാത്തതിനും മറ്റ് ന്യൂനതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ചൂണ്ടികാണിച്ച നൽകിയ ഓഡിറ്റ് എൻകയറി നം. 14/23-24 തീയതി 31.07.2024 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമപ്രകാരം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12-0 യുവത കായിക പരിശീലനം

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് രണ്ട് പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ഒന്ന് പൊതുവിഭാഗം വിദ്യാർത്ഥികൾക്കും രണ്ടാമത്തേത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വേണ്ടിയുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 4 ഗ്രാമപഞ്ചായത്തുകളിൽ (മീനങ്ങാടി, അമ്പലവയൽ, നെൻമേനി, നൂൽപുഴ) ഓരോ ഫുട്ബോൾ ടീമിനെയും മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഒരു വോളിബോൾ ടീമിനെയും രാജ്യാന്തര നിലവാരത്തിലുള്ള പരിശീലനം നൽകി ഒരു കായിക അക്കാദമിക്ക് രൂപം നൽകുക, പരിശീലനാർത്ഥികൾക്ക് ശാരീരിക കായിക മാനസിക ക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയ പരിശീലകർക്ക് ഹോണറേറിയം നൽകുന്നതിനും ലഘുഭക്ഷണം നൽകുന്നതിനുമാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-12-1 പൊതുവിഭാഗം വിദ്യർത്ഥികൾക്ക് വേണ്ടി നടപ്പാക്കിയ പ്രോജക്ട്

പ്രോജക്ട് നം	15/2023-24
പേര്	യുവത സമഗ്ര കായിക വികസന പരിശീലന പദ്ധതി
ഫണ്ട്	പൊതുവിഭാഗം വികസന ഫണ്ട്
അടങ്കൽ	₹5,00,000/-
ആകെ ചെലവ്	₹4,77,750/-
BRN No, തീയതി, തുക	BRN No. 23180363003400376806 തീയതി 09/07/2023 - ₹1,80,670/- BRN No. 23180363003400783345 തീയതി 08/11/2023 - ₹2,22,060/- BRN No. 23180363003401000594 തീയതി 08/11/2023 - ₹75,020/-
നിർവ്വഹണം	സെക്രട്ടറി

1-12-2 പട്ടികവർഗ വിദ്യർത്ഥികൾക്ക് വേണ്ടി നടപ്പാക്കിയ പ്രോജക്ട്

പ്രോജക്ട് നം	82/2023-24
പേര്	യുവത കായിക പരിശീലനം

ഫണ്ട്	വികസന ഫണ്ട് (ടി.സി.പി)
അടങ്കൽ	₹660000/-
ചെലവ്	₹383940/-
BRN No, തീയതി, തുക	BRN No. 23180363004300783345 തീയതി 08/11/2023 - ₹32585/- BRN No. 23180363004300783394 തീയതി 08/11/2023 - ₹39930/- BRN No. 23180363004300783389 തീയതി 08/11/2023 - ₹47400/- BRN No. 23180363004300783359 തീയതി 08/11/2023 - ₹14675/- BRN No. 23180363004300783376 തീയതി 08/11/2023 - ₹35550/- BRN No. 23180363004300826432 തീയതി 21/11/2023 - ₹50410/- BRN No. 23180363004300865671 തീയതി 30/11/2023 - ₹75740/- BRN No. 23180363004300890780 തീയതി 05/12/2023 - ₹76200/- BRN No. 23180363004300890785 തീയതി 05/12/2023 - ₹11450/- ആകെ:₹383940/-
നിർവ്വഹണം	ടൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ

സ.ഉ(എം.എസ്) നം. 115/2022/LSGD തീയതി 28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖ. 7.7.3 പ്രകാരം സ്പോർട്സ് അക്കാദമികളുടെ സഹകരണത്തോടെ അത്ലറ്റിക്സ് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 30,000/- രൂപ വരെ ചെലവഴിക്കാവുന്നതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിക്കായി മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം ആകെ ₹8,61,690/- (4,77,750 + 3,83,940) ചെലവഴിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം.07/2023-24, തീയതി – 30/07/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ മാർഗ്ഗരേഖ പ്രകാരം ചെലവഴിക്കാൻ അനുവദനീയമായ തുകയിലും അധിക തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനും വിശദീകരണം ലഭ്യമാക്കാനും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പുകൾ (ഓഡിറ്റ് എൻക്വയറി നം.07, 08/2023-24, തീയതി – 30/07/2024) നൽകിയിരുന്നു. ആയതിന് സെക്രട്ടറി താഴെ പറയും പ്രകാരം നറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിദ്യാർത്ഥികൾക്ക് രാജ്യന്തര നിലവാരത്തിലുള്ള പരിശീലനം നൽകി ഒരു കായിക അക്കാദമിക്ക് രൂപം നൽകുന്നതിനും പരിശീലനാർത്ഥികൾക്ക് ശാരീരിക മാനസിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ജില്ലാ, സംസ്ഥാന, ദേശീയ തലങ്ങളിൽ ടീമുകളെ മൽസരിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതിക്ക് രൂപം നൽകിയത്. ഈ പദ്ധതിയിൽ പരിശീലനം നേടിയ കുട്ടികളിൽ പലരും ദേശീയ, സംസ്ഥാന, ജില്ലാ തല ടീമുകളിൽ ഉൾപ്പെടുകയും പുരസ്കാരങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. ടീം അംഗങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പരിശീലനത്തിനും ആവശ്യമായ വാങ്ങി നൽകലുകളും ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ രേഖ (സ.ഉ.(എം. എസ്) നം. 84/22/തസ്വഭവ, തീയതി 19.04.2022 ഖണ്ഡിക 8.11 (6) അനുസരിച്ച് ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ് ഗെയിംസ് ഇനങ്ങളിൽ ദൈനംദിനം പരിശീലനം കോച്ചിംഗ് ക്യാമ്പുകൾ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. ഖണ്ഡിക 8.11(7) അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സാധ്യതയ്ക്കനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ സ്ഥാപനതല ടീമിനെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുക്കാൻ സഹായിക്കുകയും ചെയ്യാവുന്നതാണ്.

പ്രസ്തുത പ്രോജക്ട് പ്രകാരമുണ്ടായ നേട്ടങ്ങളെ കുറിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഓഡിറ്റിനോട് നേരിൽ സംസാരിക്കുകയുണ്ടായി. സ്പോർട്സ് പരിശീലനത്തിന് സാഹചര്യങ്ങൾ ഏറെ കുറവായ വയനാട് ജില്ലയിൽ വിദ്യാർത്ഥികൾക്ക് എറെ ഗുണകരമായ പ്രോജക്ടാണിതെന്ന് അദ്ദേഹം അറിയിച്ചു. പ്രോജക്ടുകൊണ്ടുണ്ടായ നേട്ടങ്ങളും വിവരിച്ചു.

മേൽ വിശദീകരണങ്ങളിൽ സദുദ്ദേശ പരമായി നടപ്പിലാക്കിയ പ്രോജക്ടാണ് ഇതെന്നും ആയത് വിദ്യാർത്ഥികൾക്ക് ഏറെ ഗുണകരമായിട്ടുണ്ടെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്ത് നടപ്പിലാക്കിയ പ്രോജക്ടിന്റെ വിജയകരമായ നടത്തിപ്പിന് സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ചെലവഴിക്കാവുന്ന തുക അപര്യാപ്തമാണെന്നും അറിയിക്കുകയുണ്ടായി. ആയതിനാൽ തുടർ വർഷങ്ങളിൽ പ്രോജക്ടിന്റെ സുഖമമായ നടത്തിപ്പിന് സബ്സിഡി മാർഗ്ഗരേഖയിൽ ആവശ്യമായ ഭേദഗതിവരുത്തുന്നതിന് പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതും. മതിയായ അനുമതിയോടെ മാത്രമേ ചെലവുകൾ വരുത്തുന്നുള്ളൂ എന്നുറപ്പാക്കേണ്ടതുമാണ്.

1-13 മരാമത്ത് പ്രവൃത്തി കരാർ ചമയ്ക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

01-02-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വലിലെ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7 ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10 ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2023-2024 സാമ്പത്തിക വർഷം, സു. ബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ അസി.എഞ്ചിനീയർ നടപ്പിലാക്കിയ പ്രവർത്തികളിൽ, പ്രൈസ് 3 സോഫ്റ്റ് വെയറിൽ നൽകുന്ന Letter Of Acceptance പ്രകാരവും; Letter Of Acceptance പുറപ്പെടുവിച്ച തീയതി മുതൽ 14 ദിവസം വരെ ഫൈൻ ഇല്ലാതെയും പിന്നീട് 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 1 % പിഴയോടു കൂടിയുമാണ് കരാർ ഒപ്പിടേണ്ടത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, Letter Of Acceptance പ്രകാരമുള്ള 14 ദിവസം സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട് നവീകരണം

പ്രോജക്ട് നം./പേര്	നം. S0166/24, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട് നവീകരണം
അടങ്കൽ	₹ 12,92,775/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 11,22,350/- (BRN No. 23180363004900477297/22.08.2023)
ടെക്നിക്കൽ സാങ്ക്ഷൻ നം.	LSGD/CELSGD/EST-TS/108187/2022 DT 28-12-2022
എസ്റ്റിമേറ്റ് തുക(₹)	₹ 14,00,000/-
Estimation PAC	₹ 11,85,999.65
കരാർ നം./തീയതി	AE/LID & EW/SBY/31/22-23/01.03.2023
കരാറുകാരന്റെ പേര്	ശ്രീ. ആസിഫ്.കെ.യു
കരാർ തുക	₹ 10,43,630/-
Letter Of Acceptance തീയതി	01/02/2023
Letter Of Acceptance പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തീയതി	15/02/2023
കരാർ ഒപ്പിട്ട തിയതി	01/03/2023
Letter Of Acceptance പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ	1043630 ന്റെ 1% = 10,436/-

2. നമ്പ്യാർക്കുന്ന് ധ്യാന്യാശ്രമം നാരങ്ങാപ്പുര റോഡ് ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0106/24, നമ്പ്യാർക്കുന്ന് ധ്യാന്യാശ്രമം നാരങ്ങാപ്പുര റോഡ് ടാറിംഗ്
അടങ്കൽ	₹ 4,59,853/-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക, ബിൽ നം./തീയതി	₹ 4,56,194/-(BRN No. 23180363004901543232/25.03.2024)
ടെക്നിക്കൽ സാങ്ക്ഷൻ നം.	LSGD/CELSGD/EST-TS/48793/2023 DT 18-08-2023
എസ്റ്റിമേറ്റ് തുക(₹)	₹ 5,00,000/-
Estimation PAC	₹ 4,23,721.92
കരാർ നം./തീയതി	AE/LID & EW/BPSBY/21/23-24/27.10.2023
കരാറുകാരന്റെ പേര്	ശ്രീ. പി.എം.ജോർജ്ജ്
കരാർ തുക	₹ 4,57,752/-
Letter Of Acceptance തീയതി	09/10/2023
Letter Of Acceptance പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തീയതി	23/10/2023
കരാർ ഒപ്പിട്ട തിയതി	27/10/2023

Letter Of Acceptance പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ	457752 ന്റെ 1% = 4,578/-

3. കൊമ്മാട് കുടിവെള്ള പദ്ധതി

പ്രോജക്ട് നം./പേര്	നം. S0154/24, കൊമ്മാട് കുടിവെള്ള പദ്ധതി
അടങ്കൽ	₹ 4,77,640/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക, ബിൽ നം./തീയതി	₹ 4,16,899/- (Vr. No. XVFC/2023-24/P/67/27.12.2023)
ടെക്നിക്കൽ സാങ്ക്ഷൻ നം.	LSGD/CELSGD/EST-TS/108777/2022 DT 23-12-2022
എസ്റ്റിമേറ്റ് തുക(₹)	₹ 5,00,000/-
Estimation PAC	₹ 4,23,518.24
കരാർ നം./തീയതി	AE/LID & EW/SBY/24/22-23/13.02.2023
കരാറുകാരന്റെ പേര്	ശ്രീ. അനുരാഗ് രാജ്
കരാർ തുക	₹ 4,23,502/-
Letter Of Acceptance തീയതി	24/01/2023
Letter Of Acceptance പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തീയതി	07/02/2023
കരാർ ഒപ്പിട്ട തിയതി	13/02/2023
Letter Of Acceptance പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ	423502 ന്റെ 1% = 4,235/-

4. കോളേരി ഹൈസ്കൂൾ ഹോമിയോക്കുന്ന് ചൂളപാറ റോഡ് ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0156/24, കോളേരി ഹൈസ്കൂൾ ഹോമിയോക്കുന്ന് ചൂളപാറ റോഡ് ടാറിംഗ്
അടങ്കൽ	₹ 5,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക, ബിൽ നം./തീയതി	₹ 5,00,000/-(Vr. No. XVFC/2023-24/P/79/19.03.2024)
ടെക്നിക്കൽ സാങ്ക്ഷൻ നം.	LSGD/CELSGD/EST-TS/58463/2022/31.03.2023
എസ്റ്റിമേറ്റ് തുക(₹)	₹ 5,00,000/-
Estimation PAC	₹ 4,21,250.06
കരാർ നം./തീയതി	AE/LID & EW/SBY/02/23-24/29.05.2023
കരാറുകാരന്റെ പേര്	ശ്രീ. എൻ.കെ.രാജു
കരാർ തുക	₹ 4,35,994/-
Letter Of Acceptance തീയതി	04/05/2023
Letter Of Acceptance പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തീയതി	18/05/2023
കരാർ ഒപ്പിട്ട തിയതി	29/05/2023
Letter Of Acceptance പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ	435994 ന്റെ 1% = 4,360/-

5. അമ്മായിക്കവല അപ്പാട് റോഡ് ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0031/24, അമ്മായിക്കവല അപ്പാട് റോഡ് ടാറിംഗ്
അടങ്കൽ	₹ 5,07,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക, ബിൽ നം./തീയതി	₹ 5,07,000/- 399424/- (Vr. No. XVFC/2023-24/P/85/26.03.2024)

	107576/- (Vr. No. XVFC/2023-24/P/97/30.03.2024)
ടെക്നിക്കൽ സാങ്ക്ഷൻ നം.	LSGD/CELSGD/EST-TS/47940/2023/23.08.2023
എസ്റ്റിമേറ്റ് തുക(₹)	₹ 5,07,000/-
Estimation PAC	₹ 4,29,477.71
കരാർ നം./തീയതി	AE/LID & EW/BPSBY/23/23-24/01.11.2023
കരാറുകാരന്റെ പേര്	ശ്രീ. അനിൽ ജോസ്
കരാർ തുക	₹ 4,48,550/-
Letter Of Acceptance തീയതി	09/10/2023
Letter Of Acceptance പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തീയതി	23/10/2023
കരാർ ഒപ്പിട്ട തിയതി	01/11/2023
Letter Of Acceptance പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ	448550 ന്റെ 1% = 4,485/-

6. കാരച്ചാൽ അംഗൺവാടി പന്ത്രമ്പം റോഡ് ടാറിംഗ്

പ്രോജക്ട് നം./പേര്	നം. S0025/24, കാരച്ചാൽ അംഗൺവാടി പന്ത്രമ്പം റോഡ് ടാറിംഗ്
അടങ്കൽ	₹ 5,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക, വൗച്ചർ നം./തീയതി	₹ 5,00,000/- 450000/- (Vr. No. XVFC/2023-24/P/81/21.03.2024) 50000/- (Vr. No. XVFC/2023-24/P/82/26.03.2024)
ടെക്നിക്കൽ സാങ്ക്ഷൻ നം.	LSGD/CELSGD/EST-TS/42523/2023/23.08.2023
എസ്റ്റിമേറ്റ് തുക(₹)	₹ 5,00,000/-
Estimation PAC	₹ 4,23,671.9
കരാർ നം./തീയതി	AE/LID & EW/BPSBY/24/23-24/01.11.2023
കരാറുകാരന്റെ പേര്	ശ്രീ. പ്രസാദ്.സി.ഒ
കരാർ തുക	₹ 4,52,528/-
Letter Of Acceptance തീയതി	09/10/2023
Letter Of Acceptance പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തീയതി	23/10/2023
കരാർ ഒപ്പിട്ട തിയതി	01/11/2023
Letter Of Acceptance പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ	452528 ന്റെ 1% = 4,525/-

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 10/2023-2024 തീയതി: 30/07/2024) ലഭ്യമാക്കിയ മറുപടിയിൽ, ഓഡിറ്റ് നിർദ്ദേശ പ്രകാരം കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാൻ നോട്ടീസ് നൽകിയട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ₹ 32,619/- രൂപ (10436+4578+4235+4360+4485+4525) പിഴയിനത്തിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 കഴമ്പ് അമരംബം ശ്മശാനം റോഡ് ഡ്രൈനേജ് - അധികം തുക നൽകി.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ കഴമ്പ് അമരംബം ശ്മശാനം റോഡ് ഡ്രൈനേജ് എന്ന പ്രവൃത്തിയിൽ തെറ്റായ ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചത് വഴി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടായതായി കാണുന്നു. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0187/24, കഴമ്പ് അമരംബം ശ്മശാനം റോഡ് ഡ്രൈനേജ്

അടങ്കൽ	₹ 5,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക, ബിൽ നം./തീയതി	₹ 4,12,145/- (Vr. No. XVFC/2023-24/P/69/16.02.2024)
സാങ്കേതിക അനുമതി	LSGD/CELSGD/EST_TS/101465/2023 Dt 10/10/2023
എസ്റ്റിമേറ്റ് തുക	₹ 5,00,000/-
Estimation PAC	₹ 4,20,879.65
കരാർ നം./തീയതി	AE/LID & EW/BPSBY/43/23-24/27.11.2023
കരാറുകാരന്റെ പേര്	ശ്രീ. അബ്ദുൾ നാസർ കെ.ആർ.
കരാർ തുക	₹ 3,49,330/-(17% Below)

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, എസ്റ്റിമേറ്റ്/ഫൈനൽ ബിൽ ഇനം 1 ആയി , ഡ്രൈനേജിനു വേണ്ടി, മണ്ണ് നീക്കിയിരിക്കുന്നതിന് MORD 11.1.1.1 പ്രകാരമുള്ള റേറ്റ് ആണ് നൽകിയിരിക്കുന്നത്. MORD ഡാറ്റ പ്രകാരമുള്ള റോഡ് പ്രവൃത്തികൾക്ക് എർത്ത് വർക്ക് ചെയ്യുന്നതിന് നിലവിൽ പ്രത്യേക ഡാറ്റ ലഭ്യമാണ്. 3.5.1 മാന്വൽ (അടിസ്ഥാന നിരക്ക് @218.5/m3) , 3.5.2 ഡോസർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @50.91/m3), 3.5.3 ഹൈഡ്രോലിക്ക് എസ്കവേറ്റർ ഉപയോഗിച്ച് (അടിസ്ഥാന നിരക്ക് @22.09/m3) എന്നിങ്ങനെ നിരക്കുകൾ അനുവദിക്കാവുന്നതാണ്. മെക്കാനിക്കൽ ഉപകരണങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കുന്നതിന് വളരെ കുറഞ്ഞ നിരക്ക് മാത്രമെ വരുന്നുള്ളൂ എന്നതും ഡാറ്റ പരിശോധിക്കുമ്പോൾ വ്യക്തമാവുന്നു. എന്നാൽ പാലം, കൾവർട്ട് പോലുള്ള വലിയ നിർമിതികൾക്ക് സൂക്ച്ചർ വർക്കിന് അനുവദിക്കാവുന്ന 11.1.1.1 എന്ന ഉയർന്ന നിരക്കുള്ള കോഡ് ആണ് നൽകിയിട്ടുള്ളത്. ആകെ 75 Cm ആഴത്തിലുള്ള ഡ്രൈനേജിന് വേണ്ടി, റോഡിന്റെ വശങ്ങളിലെ മണ്ണ് എടുക്കുന്നതിനായിട്ടാണ് സൂക്ചറുകൾക്ക് അനുവദിക്കാവുന്ന ഉയർന്ന നിരക്ക് ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. വിശദ വിവരം താഴെ കൊടുക്കുന്നു.

ഡ്രൈനേജ് നിർമ്മാണത്തിനു വേണ്ടിയുള്ള മണ്ണ് നീക്കൽ	**നൽകിയ തുക(₹) (11.1.1.1 കോഡ്)**	**നൽകാവുന്ന തുക(₹) (3.5.1 കോഡ്)**	**അധികം(₹)**
80.025 M3	51114 (@ 769.56/m3 Estimate Rate) (@ 638.73/m3 Accepted Schedule Rate) 18% GST കൂട്ടുക – 9201 ആകെ - 60315	23961 (@ 360.75/m3 Estimate Rate) (@ 299.42/m3 Accepted Schedule Rate) 18% GST കൂട്ടുക – 4313 ആകെ - 28274	32,041/-

സു.ബത്തേരി ബ്ലോക്ക് പഞ്ചായത്തിലെ തന്നെ മറ്റ് പ്രവർത്തികളിൽ ഡ്രൈനേജിന്റെ മൺപണിക്ക് കുറഞ്ഞ റേറ്റ് ആണ് നൽകിയിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	**പ്രോജക്ട് നം. /പ്രവർത്തിയുടെ പേര്**	**എസ്റ്റിമേറ്റ് നം.**	**എസ്റ്റിമേറ്റ് ഇനം**	**നൽകിയ MORD കോഡ്**
1	S0046/24ചക്രൂട്ടി വയൽ ഡ്രൈനേജ്	42529/2023	ഡ്രൈനേജിനുള്ള മൺപണി	3.5.2
2	S0159/24വെള്ളാരംകുന്ന് റോഡ് ഡ്രൈനേജ്	58416/2022	ഡ്രൈനേജിനുള്ള മൺപണി	3.5.1

ഒരേ പോലുള്ള വ്യത്യസ്ത ഡ്രൈനേജ് പ്രവർത്തിക്ക് കറഞ്ഞ ഡാറ്റ നൽകിയപ്പോൾ കഴമ്പ് അമരംബം ശ്മശാനം റോഡ് ഡ്രൈനേജ് പ്രവർത്തിക്ക് ഉയർന്ന നിരക്ക് ആണ് നൽകിയിരിക്കുന്നത്. ഡാറ്റ വിശകലനം നടത്തേണ്ടതും ഡ്രയിനേജ് പോലുള്ള ചെറിയ വീതിയും ഉയരവും മാത്രം വരുന്ന വർക്കുകൾക്ക് ഉയർന്ന നിരക്കുള്ള കോഡ് അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 13/2023-2024 തീയതി: 30/07/2024) ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശത്തെ ഗൗരവത്തോടെയാണ് കാണുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റിന് സമർപ്പിച്ച മറുപടി പ്രകാരം 'സാധാരണ ഡ്രൈനേജ് പ്രവർത്തികളുടെ മൺപണിക്ക് MORD സ്പെസിഫിക്കേഷൻ പ്രകാരം ഉപയോഗിക്കേണ്ട 11.1.1.1 എന്ന ഡാറ്റക്ക് പകരം റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന 3.5.1, 3.5.2 എന്നീ ഡാറ്റയാണ് നൽകിയിരുന്നതെന്നും മേൽ പ്രവർത്തിക്ക് MORD 11.1.1.1 പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് മൺപണി ചെയ്യാൻ കാരണം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സ്ഥല പരിശോധന നടത്തുന്ന സമയത്ത് പ്രസ്തുത സ്ഥലം ചതുപ്പും, ഉറവയുള്ളതും, വെള്ളക്കെട്ടുള്ളതുമായ പ്രദേശമായിരുന്നു എന്നും, ചേർന്ന് ഒരു വീടും സ്ഥിതി ചെയ്യുന്നുണ്ടെന്നും, അതിനാൽ മൺപണി എടുക്കുന്ന അവസരത്തിൽ ജി.ഐ ഷീറ്റ് ഉപയോഗിച്ച് സംരക്ഷണം നടത്തിയാൽ മാത്രമേ മൺപണി എടുക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് 11.1.1.1 എന്ന ഡാറ്റ ഉപയോഗിച്ചത്' എന്നും അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്തിന്റെ പ്രത്യേകത മൂലം ആണ് ഉയർന്ന നിരക്ക് നൽകിയത് എന്നാണ് അറിയിച്ചിരിക്കുന്നത്. 11.1.1.1 ഡാറ്റ പ്രകാരം സ്കൂച്ചറൽ പ്രവൃത്തികൾ വേണ്ടി വരുന്ന ഡ്രൈനേജ് ആണ് എന്ന മറുപടി അംഗീകരിക്കാനാകില്ല. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഫോട്ടോ പ്രകാരം സാധാരണ ഡ്രൈനേജ് ആണ് ഉള്ളത്. Cross Drainage പോലെ Structural Work ആവശ്യമുള്ള പ്രവൃത്തികൾ ഉണ്ടെങ്കിൽ പ്രത്യേക ഇനമായി കാണിക്കാവുന്നതാണ്. സ്കൂച്ചറൽ പ്രവൃത്തി ആവശ്യമുള്ള ചെറിയ ഇനത്തിന് വേണ്ടി മൊത്തം അധിക നിരക്ക് നൽകുന്നത് അംഗീകരിക്കാനാകില്ല. അതു പോലെ മണ്ണിന്റെ സ്വഭാവം കൊണ്ട് അധിക നിരക്ക് നൽകേണ്ടി വരികയാണെങ്കിൽ OD(Observed Data) നൽകാവുന്നതാണ്. അല്ലാതെ ഉയർന്ന നിരക്ക് നൽകുന്നത് അംഗീകരിക്കുന്നില്ല. അതിനാൽ, അധികം ചെലവഴിച്ച ₹32,041/- തുക തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

1-15 മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0151/24, മാങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി
അടങ്കൽ	₹ 17,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക, ബിൽ നം./തീയതി	₹ 1,72,649/- 14167/-(Vr No. XVFC/2023-24/P/77 Dt 12.03.2024) 158482/-(Vr No. XVFC/2023-24/P/64 Dt 12.10.2023)
എസ്റ്റിമേറ്റ് തുക	₹ 17,00,000/-
Estimation PAC	15,17,519.05(Including Electrification Amount ₹ 2,30,000/-)

സാങ്കേതിക അനുമതി	77456/2022 Dt 20/01/2022
കരാർ നം./തീയതി	AE/LSGD/SBY/32/2022/22.03.2022
കരാറുകാരന്റെ പേര്	ശ്രീ. ശിവരാജൻ പി.ആർ.
കരാർ തുക	₹ 12,87,519/-

മേൽ പ്രവൃത്തിയുടെ ഗുണഭോക്തൃ വിഹിതമായി ₹ 10,000/- രൂപ അടവാക്കിയിട്ടുണ്ട്(രശീതി നം.781/22.03.22). ഫയൽ പരിശോധിച്ചതിൽ നിന്നും, 29/07/2024- ന് നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കരാർ പ്രകാരം മേൽ പ്രവൃത്തി 31/03/2023- ന് പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ, നിലവിലും പ്രവൃത്തി പൂർത്തിയായിട്ടില്ല. കരാറുകാരൻ എക്സ്റ്റൻഷനു വേണ്ടി കത്തു നൽകിയിട്ടുണ്ട്. എന്നാൽ, ഭരണസമിതി അനുമതി നൽകിയതായി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. 08/12/2021 തീയതിയിൽ, വയനാട് ജില്ല ഓഫീസർ, ഭൂജല പര്യവേക്ഷണ വകുപ്പ്, മീനങ്ങാടി നൽകിയ ഫീസിബിലിറ്റി(കത്ത് നം. ജി.ഡബ്ല്യു/ഡി.ഡബ്ല്യു/റ്റി/1752/21) പ്രകാരം 3 മീറ്റർ വ്യാസത്തിൽ 10 മീറ്റർ ആഴത്തിൽ കിണർ കുഴിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ, കരാറുകാരൻ, ശിവരാജൻ.പി.ആർ -ന്റെ അസി.എഞ്ചിനീയർക്കുള്ള കത്തിൽ(നം./തീയതി ഇല്ല) , 3.5 മീറ്റർ താഴ്ച ആയപ്പോൾ തന്നെ കിണറിനുള്ളിൽ ചെളി മുകളിലേക്ക് പൊന്തുകയാണ്. അതു മൂലം ചുറ്റ ഭാഗത്ത് നിന്നും മണ്ണ് റിങ്ങിലേക്ക് വന്ന് തള്ളുകയാണ്. ഉള്ളിൽ നിന്നും ചെളി പൊങ്ങുന്നതിനാലും എത്ര താഴ്ത്തിയാലും ചെളി നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം ഉണ്ടാകില്ല എന്നും അറിയിച്ചിട്ടുണ്ട്.

03/01/2023 തീയതിയിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ, ജില്ല ഓഫീസർ, ജില്ല കാര്യാലയം, ഭൂജല വകുപ്പ്, മീനങ്ങാടി ക്ക് നൽകിയ കത്ത് പ്രകാരം(നം.AEE/LID&EW/03/2023) മൂന്ന് മീറ്റർ സിങ്ക് ചെയ്തപ്പോഴേക്കും അടിയിൽ നിന്നും കിണറിലേക്ക് മണ്ണ് ഉയർന്നു കൊണ്ടിരിക്കുകയും സിങ്കിംഗ് സാധ്യമല്ലാതെ വരികയും ചെയ്തു എന്നും, അതു പോലെ കിണറിന്റെ പുറത്തുള്ള മണ്ണ് ഇടിഞ്ഞ് താഴുകയും ചെയ്യുന്നുണ്ട് എന്നും നിലവിൽ ഒട്ടും താഴ്ത്താൻ പറ്റാത്ത അവസ്ഥയാണ് എന്നും അറിയിച്ചിട്ടുണ്ട്. ഭൂജല വകുപ്പിന്റെ മറുപടി ഇതു വരെയും ലഭ്യമാക്കിയിട്ടില്ല.

സ്ഥല പരിശോധനയിൽ, കുടിവെള്ള പദ്ധതിയുടെ ഭാഗമായി 3.5 മീറ്റർ ആഴത്തിൽ കിണർ കുഴിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി പ്രാകരം 10 മീറ്ററും എസ്റ്റിമേറ്റ് പ്രകാരം 14 മീറ്ററും ആഴത്തിൽ ആയിരുന്ന കിണർ കുഴിക്കേണ്ടിയിരുന്നത്. 5000 ലിറ്ററിന്റെ രണ്ട് വാട്ടർ ടാങ്കും സ്റ്റാൻഡും സ്ഥാപിച്ചിട്ടുണ്ട്. കിണറിൽ നിന്നും ടാങ്കിലേക്ക് 763 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള പ്രവർത്തിയും മോട്ടോർ, ഇലക്ട്രിക്ക് കണക്ഷൻ എന്നിവയും ചെയ്യാൻ ബാക്കിയുണ്ട്.

കെ.എസ്.ഇ.ബി അമ്പലവയൽ, അസി.എഞ്ചിനീയറുടെ, കത്ത് പ്രകാരം(നം. ഇല്ല, തീ. 12/02/2024) എസ്റ്റിമേറ്റ് തുകയായി ₹ 1,72,649/- ആവശ്യപ്പെട്ടതനുസരിച്ച് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നതും(എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല) ടാങ്കും സ്റ്റാൻഡും പണിതീർത്തിരിക്കുന്നതും, പദ്ധതി പൂർത്തിയാകുകയോ, വെള്ളത്തിന്റെ ലഭ്യത, ഫീസിബിലിറ്റി എന്നിവ ഉറപ്പിക്കുകയോ ചെയ്യാതെയാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 15/2023-2024 തീയതി: 31/07/2024) ലഭ്യമാക്കിയ മറുപടിയിൽ, അടിയന്തിരമായി ഗുണഭോക്താക്കൾക്ക് കുടിവെള്ളം എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് തുക കെ.എസ്.ഇ.ബി ക്ക് കൈമാറിയിരിക്കുന്നത് എന്നും കാലവർഷം കഴിയുന്ന മുറയ്ക്ക് ഭൂജല വകുപ്പിനെ സമീപിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരൻ കിണർ ആഴം കൂട്ടാൻ പറ്റില്ല എന്ന് രേഖാ മൂലം അറിയിച്ചതിന് ശേഷമാണ് തുക കെ.എസ്.ഇ.ബി ക്ക് കൈമാറിയിരിക്കുന്നത്. കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് പോലും നൽകാതെയാണ് തുക കൈമാറിയത്. വെള്ളം ലഭിക്കാതെ കെ.എസ്.ഇ.ബിക്ക് കൈമാറിയ തുക പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. കുടിവെള്ള പ്രവർത്തി എത്രയും വേഗം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്. അതുവരെ ചലവ് തുക ₹ 1,72,649/- തടസ്സപ്പെടുത്തുന്നു.

1-16 ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - പൂർത്തീകരിച്ചിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നിലവിലും പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0139/24, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം
അടങ്കൽ	₹ 60,00,000/- 525000/-(വികസന ഫണ്ട് ജനറൽ) 4050000(മറ്റ് ഗ്രാമ പഞ്ചായത്തുകൾ) 525000(മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾ) 900000(നഗരസഭ)
ചെലവ് തുക, ബിൽ നം./തീയതി	₹ 6,20,000/- 350000/-(BRN No. 23180363004901535161 Dt 25.03.2024) 270000/-(BRN No. 23180363004901528565 Dt 25.03.24)
എസ്റ്റിമേറ്റ് തുക	₹ 60,00,000/-
Estimation PAC	₹ 49,56,516.85
സാങ്കേതിക അനുമതി	102613/2022
കരാർ നം./തീയതി	AE/LID & EW/SBY/30/22-23/01.03.2023
കരാറുകാരന്റെ പേര്	സെക്രട്ടറി, കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റി
കരാർ തുക	₹47,92,780/-

ആക്രമണകാരികളായ നായകളെ തെരുവുകളിൽ നിന്നും മാറ്റുന്നതിലേക്കായി അഭയ കേന്ദ്രം നിർമ്മിക്കുന്നത് ആണ് പദ്ധതി ലക്ഷ്യം വെക്കുന്നത്. പനമരം, സു. ബത്തേരി ബ്ലോക്കുകളിലെ 6 ഗ്രാമ പഞ്ചായത്തുകളും സു.ബത്തേരി നഗരസഭയും സംയുക്തമായി ആണ് അഭയ കേന്ദ്രം നിർമ്മിക്കുന്നത്. കരാർ പ്രകാരം മേൽ പ്രവൃത്തി 31/03/2023- ന് പൂർത്തിയാകേണ്ടതായിരുന്നു. 29/07/2024- ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം സ്ട്രക്ച്ചർ പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. എന്നാൽ, നിലവിലും പ്രവൃത്തിയുടെ ലക്ഷ്യം പൂർത്തിയായിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 16/2023-2024 തീയതി: 31/07/2024) ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തി ഉടനെ പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവർത്തി ലക്ഷ്യം പൂർത്തീകരിച്ച് അറിയിക്കുന്നത് വരെ ചെലവ് തുക ₹ 6,20,000/- തടസ്സപ്പെടുത്തുന്നു.

1-17 ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ വാങ്ങൽ- മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് ലഭ്യമാക്കിയിട്ടില്ല.

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥയായി, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിര താമസക്കാരായ ഭിന്ന ശേഷിക്കാർക്ക്, സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ	S0133/24
പ്രോജക്ടിന്റെ പേര്	ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകൽ
അടങ്കൽ	₹ 7,20,895.00(വികസന ഫണ്ട് ടി.എസ്.പി)
ചെലവ് (₹)	₹ 3,21,000.00(BRN No. 23180363004201091489/18.01.2024)

മേൽ പദ്ധതി പ്രകാരം, 2023-2024 സാമ്പത്തിക വർഷം മൂന്ന് ഗുണഭോക്താക്കൾക്കാണ് സ്കൂട്ടറുകൾ നൽകിയിട്ടുള്ളത്. കെൽട്രോണിൽ നിന്നുമാണ് സ്കൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

1. സുരേഷ് ബി., അമ്പലക്കുന്ന് കോളനി, അമ്പലവയൽ.
2. സതീഷ് കെ.ബി., കാരംകൊല്ലി.
3. ശശിധരൻ പി.എം., പുളിക്കൽ മഠത്തിൽ

സബ്സിഡി മാർഗ്ഗരേഖ(സ.ഉ.(കൈ)നം. 115/2022/തസ്വഭവ, തീയതി 28/05/2022) ഖണ്ഡിക നം. 7.1.2(6) പ്രകാരം ഗുണഭോക്താക്കൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് കരസ്ഥമാക്കണം എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുമായി ചമച്ച കരാറുടമ്പടിയിൽ 31/01/2024 - നുള്ളിൽ ലൈസൻസ് ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ലൈസൻസിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ശശിധരൻ പുളിക്കൽ മഠത്തിലിന്റെ, ലേണേഴ്സ് ലൈസൻസും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 1/2023-2024 തീയതി: 25/07/2024) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 3,21,000/- തടസ്സപ്പെടുത്തുന്നു.

1-18 താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് - പ്രോക്യൂർമെന്റ് - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല.

സീനിയർ സൂപ്രണ്ട്, താലൂക്ക് ആശുപത്രി സു. ബത്തേരി, നിർവ്വഹണോദ്യോഗസ്ഥനായി, സു. ബത്തേരി ബ്ലോക്ക് പഞ്ചായത്തിലെ രോഗികൾക്ക് ഡയാലിസിസിനു കൺസ്യൂമബിൾസ്/മരുന്നുകൾ വാങ്ങി നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ	S0060/24
പ്രോജക്ടിന്റെ പേര്	താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് നടത്തിപ്പ് ചെലവ്
അടങ്കൽ	₹ 33,00,000/- (റോഡിതരം)
ചെലവ് (₹)	₹ 3,58,867/-(BRN No.23180363003600314767/04.07.23) ₹ 3,74,246/-(BRN No.23180363003600314792/11.07.23) ₹ 1,99,752/- (BRN No.23180363003600356262/25.07.23)

	₹ 1,61,023/- (BRN No.23180363003600397842/04.08.23) ₹ 3,27,397/- (BRN No.23180363003600420714/09.08.23) ₹ 20,406/- (BRN No.23180363003600499293/25.08.23) ₹ 1,31,750/- (BRN No.23180363003600564213/14.09.23) ₹ 4,55,826/- (BRN No.23180363003600580635/23.09.23) ₹ 1,11,642/- (BRN No.23180363003600657357/13.10.23) ₹ 1,02,233/- (BRN No.23180363003600622979/05.10.23) ₹ 94,065/- (BRN No.23180363003600732282/03.11.23) ₹ 4,88,800/- (BRN No.23180363003600837722/22.11.23) ₹ 99,967/- (BRN No.23180363003600882139/04.12.23) ₹ 4,11,876/- (BRN No.23180363003600978450/11.12.23) ₹ 96,001/- (BRN No.23180363003601018108/03.01.24) ₹ 1,00,033/- (BRN No.23180363003601161712/03.02.24) ₹ 95,068/- (BRN No.23180363003601308657/02.03.24) ആകെ - ₹ 31,88,952.00

മേൽ പദ്ധതിയിൽ, ഡയാലിസിസ് കൺസ്യൂമബിൾസ് വാങ്ങിക്കാനും സ്റ്റാഫിന് ശമ്പളം നൽകുന്നതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ബിൽ നം. (BRN No.23180363003600420714/09.08.23) പ്രകാരം ചെലവഴിച്ച ₹ 3,27,397/- രൂപ ചെലവഴിച്ചതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	Mother India Medical Solutions, S.Bathery ഇൻവോയിസ് നമ്പർ / തീയതി	തുക(₹)
1	3375/12.02.2022	1,02,032/-
2	3643/26.10.2022	2,25,365/-

മേൽ പട്ടികയിൽ നിന്നും, 2022 ഒക്ടോബർ മാസത്തെ ബിൽ ആണ് 2023 ഓഗസ്റ്റിൽ നൽകിയിരിക്കുന്നത് എന്നത് വ്യക്തമാണ്. പ്രോജക്ടിലോ ഫയലിലോ കൂടിശ്ശിക നൽകുന്ന കാര്യം രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ:16/2023-2024 തീയതി: 31/07/2024) ലഭ്യമാക്കിയ മറുപടിയിൽ 'മേൽ പട്ടികയിലെ ബില്ലുകൾ 2021-22, 2022-2023 വർഷങ്ങളിൽ നൽകാൻ ബാക്കിയുള്ള തുകകളാണെന്നാണ് അറിയച്ചത്. 2021-22 വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയത് 2022 ജനുവരി മാസത്തോടെ തീർന്നെന്നും മേൽ പട്ടിക ക്രമ നം. 1 ലെ തുക 1,02,032 രൂപ കൂടിശ്ശികയായെന്നും, 2022-23 വർഷത്തിൽ 16 ലക്ഷം രൂപയാണ് ഈ പദ്ധതിയിൽ വകയിരുത്തിയതെന്നും ആയത് 2022 ഒക്ടോബർ മാസം ആയപ്പോഴേക്കും തീർന്നതിനാലാണ് മേൽ പട്ടിക ക്രമ നം. 2ലെ 2,25,365/- രൂപ കൂടിശ്ശികയായതെന്നും ആണ് ' ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിശദീകരണം നൽകിയത്. എന്നാൽ മറുപടിയിൽ വിശദീകരിച്ചുപ്രകാരം 16 ലക്ഷം രൂപ 2022-23 വർഷത്തിലേക്ക് പദ്ധതിയിൽ ലഭിച്ചിട്ടും 2021-22 വർഷത്തിൽ നൽകാൻ കൂടിശ്ശികയായിരുന്ന 1,02,032 രൂപ എന്തുകൊണ്ടാണ് നൽകാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. കൂടിശ്ശിക ബില്ലുകൾ നൽകാൻ ബാക്കിയുണ്ടെങ്കിൽ നിർവ്വഹണോദ്യോഗസ്ഥൻ രേഖാ മൂലം ഭരണസമിതിയെ ബോധ്യപ്പെടുത്തി, പ്രോജക്ടിൽ തന്നെ രേഖപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ മറുപടിയിൽ പരാമർശിക്കുന്ന കാര്യങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി 2021-22, 2022-23 വർഷങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ബിൽ നം. (BRN No.23180363003600420714/09.08.23) പ്രകാരം ചെലവഴിച്ച ₹ 3,27,397/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2. 2023-2024 വർഷത്തെ താലൂക്ക് ആശുപത്രിയുടെ സാധനം വാങ്ങലുകൾക്ക് നിയമ പ്രകാരമുള്ള ഇ ടെണ്ടർ/ടെണ്ടർ /ക്വട്ടേഷൻ വിളിക്കുകയും താലൂക്ക് ആശുപത്രിയുടെ പർച്ചേസിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ [ജി.ഒ(പി)നം.259/2010/തസ്വഭവ തീ. 08/11/2010] പ്രകാരം, രേഖകളുടെ വസ്തുതാപരമായ കൃത്യത നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ചതിനു ശേഷം ബ്ലോക്ക് പഞ്ചായത്ത് പ്രൊക്യർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതും പ്രൊക്യർമെന്റ് കമ്മിറ്റി സൂക്ഷ്മപരിശോന നടത്തി ഉചിതമായ തീരുമാനമെടുത്ത് ഭരണസമിതിക്ക് ശുപാർശ നൽകേണ്ടതുമാണ്. ഭരണ സമിതിയാണ് വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത്. എന്നാൽ, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ എല്ലാ വാങ്ങലുകളും നിർവ്വഹണോദ്യോഗസ്ഥൻ തന്നെയാണ് അംഗീകരിക്കുന്നത്. മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവുകളുടെ ലംഘനം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി വാങ്ങലുകൾ ക്രമപ്പെടുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	29.07.2024, 30.07.2024	ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	2023-24	578000	PMAY(G) പൊതുവിഭാഗം	578000	0
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	2023-24	1784000	PMAY(G) പട്ടികവർഗ്ഗം	1784000	0
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്	2023-24	95833	PMAY(G) പട്ടികജാതി	95833	0
നെന്മേനി ഗ്രാമപഞ്ചായത്ത്	2023-24	118000	PMAY(G) പട്ടികവർഗ്ഗം	118000	0
നെന്മേനി ഗ്രാമപഞ്ചായത്ത്	2023-24	199000	PMAY(G) പട്ടികജാതി	199000	0
അമ്പലവയൽ ഗ്രാമപഞ്ചായത്ത്	2023-24	1009967	PMAY(G) പൊതുവിഭാഗം	1009967	0
അമ്പലവയൽ ഗ്രാമപഞ്ചായത്ത്	2023-24	1837000	PMAY(G) പട്ടികജാതി	1837000	0

അമ്പലവയൽ ഗ്രാമപഞ്ചായത്ത്	2023-24	72000	PMAY(G) പട്ടികവർഗ്ഗം	72000	0
ജില്ലാ പഞ്ചായത്ത്	2023-24	4366126	PMAY(G) പൊതുവിഭാഗം	4366126	0
ജില്ലാ പഞ്ചായത്ത്	2023-24	281000	PMAY(G) പട്ടികജാതി	281000	0
ജില്ലാ പഞ്ചായത്ത്	2023-24	12241787	PMAY(G) പട്ടികവർഗ്ഗം	12241787	0
പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	2023-24	349711	ABC പ്രോഗ്രാം	349711	0
പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	2023-24	350000	ABC പ്രോഗ്രാം	350000	0
പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	2023-24	270000	ABC പ്രോഗ്രാം	270000	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ/ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ചതുക	ബാലൻസ്
അസി. എഞ്ചിനീയർ ഇലക്ട്രോണിക്സ് ഡിവിഷൻ തൃശ്ശൂർ	ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം	PFMS Transaction ID 1072340508986 തീയതി 27.07.2023	151900	0	151900
കെ.എസ്.ഇ.ബി, അമ്പലവയൽ	മങ്കൊമ്പ് കുടിവെള്ള വിതരണ പദ്ധതി	XVFC/2023-24/P/77 Dated 12.03.2024, XVFC/2023-24/P/64 Dated 12.10.2024	172649	0	172649

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

4-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	04.10.2018 – 06.10.2018	2013-14 മുതൽ 2016-17 വരെ	ഇല്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.02.2023 – 14.02.2023	01.04.2017 മുതൽ 31.01.2023 വരെ	16.03.2023

4-6 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല.

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98		2000-2001	103(a)	ജനകീയാസൂത്രണപദ്ധതി-പണികൾ നടത്തിയില്ല	നിയമസഭ സമിതി മുൻപാകെ
1999-00	14	2003-04	4-11	കൺസോളിഡേഷൻ കുറച്ചില്ല	നിയമസഭ സമിതി മുൻപാകെ
2000-01	13,14	2004-05	*3-12 II(1)*	മുൻക്കൂർ നൽകിയ പദ്ധതികൾ തുടങ്ങാനായില്ല	നിയമസഭ സമിതി മുൻപാകെ
2013-14		2013-14	5-3-5	അപ്പോൾസ്റ്ററി കൃഷ്യൻ വർക്ക് നടത്തുന്ന നവോദയ എസ്.എച്ച്.ജി. സബ്സിഡി ലഭ്യമായെങ്കിലും പ്രവർത്തന രഹിതമാണ്.	നിയമസഭ സമിതി മുൻപാകെ
2013-14		2013-14	5-3-5	തൊഴിൽ പരിശീലനങ്ങൾ ലക്ഷ്യം കണ്ടില്ല.	നിയമസഭ സമിതി മുൻപാകെ

4-10 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	₹13,76,29,739
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹12,15,07,898
വരവിനങ്ങളിലുള്ള നഷ്ടം	:	--
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	--
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹3996145/-

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-8	55,099/-	ഡോ. കെ.പി കുഞ്ഞിക്കണ്ണൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മീനങ്ങാടി
1-10	25,00,000/-	ഡോ. സുധീർ കുമാർ കെ.പി, ചീഫ് മെഡിക്കൽ ഓഫീസർ, താലൂക്ക് ആയുർവ്വേദ ഹോസ്പിറ്റൽ, സുൽത്താൻ ബത്തേരി

1-15	1,72,649/-	ശ്രീമതി ഇന്ദിര എൻ.എം, അസി.എഞ്ചിനിയർ
1-16	6,20,000/-	ശ്രീമതി രമണി കലങ്ങാടൻ , ശിശു വികസന പദ്ധതി ഓഫീസർ
1-17	3,21,000/-	ശ്രീമതി രമണി കലങ്ങാടൻ , ശിശു വികസന പദ്ധതി ഓഫീസർ
1-18	3,27,397/-	ഡോ.സിന്ധു കെ.വി, സൂപ്രണ്ട്, താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി
ആകെ	₹39,96,145/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ഇന്ദിര എൻ.എം,	അസി.എഞ്ചിനിയർ	മുതിരക്കാട്ട്പറമ്പിൽ വീട്, കുപ്പാടി പി.ഒ സുൽത്താൻ ബത്തേരി 673592
ശ്രീമതി രമണി കലങ്ങാടൻ	ശിശു വികസന പദ്ധതി ഓഫീസർ	ചെറുത് ഹൗസ്, ചെറുകാവ്, മലപ്പുറം പുളിക്കൽ 673637
ഡോ. സുധീർ കുമാർ കെ.പി	ചീഫ് മെഡിക്കൽ ഓഫീസർ, താലൂക്ക് ആയുർവ്വേദ ഹോസ്പിറ്റൽ, സുൽത്താൻ ബത്തേരി	കുതിയേടത്ത് മന, അവിട്ടത്തൂർ പി.ഒ തൃശ്ശൂർ – 680683
ഡോ. കെ.പി കുഞ്ഞിക്കണ്ണൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മീനങ്ങാടി	സൗപർണിക ഹൗസ്, വട്ടുവാടി, മൂലങ്കാവ് പി.ഒ, സുൽത്താൻ ബത്തേരി 673592
ഡോ.സിന്ധു കെ.വി	സൂപ്രണ്ട്, താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി	ശ്രീപദ്മം, റോക്ക് വാലി ഹൗസിംഗ് കോംപ്ലക്സ്, കൊളഗപ്പാറ

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96	എൽ.എഫ്(ഡബ്ല്യൂ) പി2/730/99 തീയതി 04.12.1999	11
1996-97	എൽ.എഫ്(ഡബ്ല്യൂ) പി2/350/2000 തീയതി 01.08.2000	14

1997-98 Final	എൽ.എഫ്(ഡബ്ല്യൂ) പി1/539/04 തീയതി 30.10.2004	17
1998-99	എൽ.എഫ്(ഡബ്ല്യൂ) പി2/163/00 തീയതി 01.03.2001	29
1999-00	എൽ.എഫ്(ഡബ്ല്യൂ) പി2/421/03 തീയതി 01.01.2004	8
2000-01	എൽ.എഫ്(ഡബ്ല്യൂ) പി1/401/04 തീയതി 14.02.2005	13
2001-02	എൽ.എഫ്(ഡബ്ല്യൂ) പി1/403/04 തീയതി 14.02.2005	6
2002-03	എൽ.എഫ്(ഡബ്ല്യൂ) പി3/367/08 തീയതി 09.04.2024	5
2003-04	എൽ.എഫ്(ഡബ്ല്യൂ)ഇ2/694/14(1) തീയതി 28.01.2015	13
2004-05	എൽ.എഫ്(ഡബ്ല്യൂ)പി 5/968/11 തീയതി 02.12.2011	15
2005-06	എൽ.എഫ്(ഡബ്ല്യൂ)ഇ2/694/14(2) തീയതി 28.01.2015	
2006-07	എൽ.എഫ്(ഡബ്ല്യൂ)പി5/738/11 തീയതി 09.04.2024	15
2007-08	എൽ.എഫ്(ഡബ്ല്യൂ)ഇ2/17/14 തീയതി 28.03.2015	52
2008-09	എൽ.എഫ്(ഡബ്ല്യൂ)ഇ2/17/14 തീയതി 28.03.2015	
2009-10	എൽ.എഫ്(ഡബ്ല്യൂ)ഇ2/17/14 തീയതി 28.03.2015	
2010-11	എൽ.എഫ്(ഡബ്ല്യൂ) ഇ2-134/14 തീയതി 16.09.2014	18
2011-12 2012-13 2013-14	എൽ.എഫ്(ഡബ്ല്യൂ)എം.1-147/15 തീയതി 09.04.2024	19
2014-15	കെ.എസ്.എ-ഡബ്ല്യൂ.വൈ.ഡി.എം.2-612/16 /09.04.2024	22
2015-16	കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.2-132/17 /09.04.2024	18
2016-17	കെ.എസ്.എ-ഡബ്ല്യൂ.വൈ.ഡി.എം.2-786/17 /09.04.2024	14
2017-18	കെ.എസ്.എ-ഡബ്ല്യൂ.വൈ.ഡി.എം.2-865/18 - 09.04.2024	14
2018-19	കെ.എസ്.എ-ഡബ്ല്യൂ.വൈ.ഡി.എം.2-677/19 /01.02.2020	30
2019-20	കെ.എസ്.എ-ഡബ്ല്യൂ.വൈ.ഡി./ഇ3-351 /22/26.02.2024	30
2020-21	കെ.എസ്.എ-ഡബ്ല്യൂ.വൈ.ഡി/ഇ3-356 /22/14.08.2023	29
2021-22	കെ.എസ്.എ .ഡബ്ല്യൂ.വൈ.ഡി -ഇ3-219/2023 /08.01.2024	21
2022-23	കെ.എസ്.എ-ഡബ്ല്യൂ.വൈ.ഡി/ഇ3-642 /2023/05.03.2024	29

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 21-06-2024 and submitted on 26-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Sulthanbathery Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Sulthanbathery Block Panchayat as on 31-03-2024

Date: 27/09/2024

Senior Deputy Director
District Office Wayanad
Kerala State Audit Department

Audit Report appended to the Audit Certificate of Sulthanbathery Block Panchayat for the Year 2023-2024 .

1.Major Observations

1. Amount paid for deposit work is not included in balance sheet as Asset.

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted.

a) Basic ratios.

b) Notes on account.

2. Cashflow statement Net increase/decrease in cashflow does not match with the difference between the opening balance and closing balance.

3. Deposit register, advance register and asset register maintained are not reliable for audit, as they are not duly completed

4. In the bank reconciliation statement of certain accounts, amounts were shown as directly credited by bank and as directly debited by bank. But further action is not taken by the Panchayat to reconcile them.

5. Documents related to accumulated depriciation are not produced to Audit for verification.

6. Value of assets created duing the year is not reflected in Capital Contribution head of AFS.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

Abstract of Annual Financial Statement

Sulthanbathery Block Panchayat BALANCE SHEET			
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	24612752.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	207026770.00
	Total Reserve & Surplus		**231639522.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	14394041.00
	Total Grants, Contributions for Specific Purposes		**14394041.00**
	Loans		
330000000	Secured Loans	B-5	0.0
	Total Loans		**0.0**
	Current Liabilities & Provisions		
340000000	Deposits Received	B-7	702827.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	252301.00
	Total Current Liabilities and Provisions		**955128.00**
	TOTAL LIABILITIES		**246988691.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	248238218.00
411000000	Accumulated Depreciation	B-11	-26213059.00
412000000	Capital Work in Progress	B-11(a)	443823.00
	Total Fixed Assets		**222468982.00**
	Investments		
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	4701400.00
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	16121841.00
460000000	Loans, Advances and Deposits	B-18	3380468.00

	Total Current Assets, Loans and Advances		**24203709.00**
	Other Assets		
470000000	Other Assets	B-19	316000.00
	Total Other Assets		**316000.00**
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		**246988691.00**

Sulthanbathery Block Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	INCOME		
140000000	Fee & User Charges	I-4(b)	6452.00
150000000	Sale & Hire Charges	I-5(b)	78645.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	114579401.00
171000000	Interest Earned	I-8	469470.00
	Total Income		**115133968.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	5300022.00
220000000	Administrative Expenses	I-11(b)	2386670.00
230000000	Operations & Maintenance	I-12(b)	5047450.00
240000000	Interest & Finance Charges	I-13	73264.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	13670834.00
251000000	Decentralised Plan Programme-Service Sector	I-14(a)	69191497.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	5594982.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	677512.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	4982.00
255000000	Maintenance Projects	I-14(e)	5361207.00
	Total Expenditure		**107308420.00**
	Gross Surplus / Deficit of income over Expenditure		**7825548.00**
	Gross Surplus / Deficit of income over Expenditure		**7825548.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18(a)	0.0

Sulthanbathery Block Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	22205967.00
Cash	Cash	RP-40(a)	0.0
	Operating		
140000000	Fees & User Charges	RP-4	0.0
150000000	Sale & Hire Charges	RP-5	74607.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	96471042.00
171000000	Interest Earned	RP-9	469470.00
320000000	Grants, Funds & Contributions for Specific Purposes	RP-31	11223879.00
350000000	Other Liabilities	RP-36	5000.00
	Non Operating		
340000000	Deposits Received	RP-34	16742.00
350000000	Other Liabilities	RP-36	8569.00
410000000	Fixed Assets	RP-38	46277.00
431000000	Sundry Debtors (Receivables)	RP-43	5369252.00
460000000	Loans, Advances and Deposits	RP-47	1738934.00
	Grand total		**137629739.00**
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	5092242.00
220000000	Administrative Expenses	RP-12	1919043.00
230000000	Operations & Maintenance	RP-13	644506.00
250000000	Decentralised Plan Programme- Productive Sector	RP-15	13359517.00
251000000	Decentralised Plan Programme- Service Sector	RP-16	66387922.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	2925473.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	93071.00
254000000	Expenditures of Transferred institutions and State Sponsored Schemes	RP-19	4982.00
255000000	Maintenance Projects	RP-20	3344496.00
320000000	Grants, Funds & Contributions for Specific Purposes	RP-31	889716.00

350000000	Other Liabilities	RP-36	12192963.00
	Non Operating		
240000000	Interest & Finance Charges	RP-14	73264.00
340000000	Deposits Received	RP-34	124451.00
350000000	Other Liabilities	RP-36	333494.00
410000000	Fixed Assets	RP-38	2563579.00
412000000	Capital work in Progress	RP-40	3906679.00
431000000	Sundry Debtors (Receivables)	RP-43	4701400.00
460000000	Loans, Advances and Deposits	RP-47	2951100.00
	Closing Balance		
Bank	Bank	RP-40(b)	16121841.00
Cash	Cash	RP-40(b)	0.0
	Grand Total		**137629739.00**

SENIOR DEPUTY DIRECTOR
DISTRICT AUDIT OFFICE,WAYANAD